# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2349** **08.07.2015 - ൽ മറുപടിയ്ക്ക്**

**<u>മുല്ലപ്പെരിയാർ അണക്കെട്ട്</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(ബി) പ്രസ്തുത ഉത്തരവ് കേരളത്തിന് അനുകൂലമാണോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) യും (ബി) യും | മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിലേക്കായി പരിസ്ഥിതി ആഘാതപഠനം (EIA Study) നടത്തുന്നതിനുവേണ്ട നിരാക്ഷേപപത്രത്തിനുള്ള (NOCയ്ക്കുള്ള) നിർ ദ്ദേശം കേരള സർക്കാർ വനം പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കുകയും ടി നിർ ദ്ദേശം നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ് (NBWL) ന്റെ 31-ാം സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ പരിഗണിക്കുകയുമുണ്ടായി. പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള, പരിസ്ഥിതി ആഘാതപഠനത്തിന് മാത്രമുള്ള നിർ ദ്ദേശമെന്ന നിലയിൽ സംസ്ഥാനത്തിന്റെ അപേക്ഷ; NBWL - ൻെറ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്യുകയും പ്രസ്തുത ശുപാർശയുടെയും വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 26.09.2014-ലെ ഓഫീസ് മെമ്മോറാണ്ടത്തിന്റെയും അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരിസ്ഥിതി ആഘാതപഠനത്തിനുള്ള അനുമതി നല്കുകയുമുണ്ടായി. പരിസഥിതി ആഘാതപഠനത്തിനുള്ള അനുമതിയുടെ കൂടെ പഠനത്തിന്റെ രൂപരേഖയ്ക്ക് (TOR) വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ് പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരം കൂടെ വേണമെന്നുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അംഗീകാരത്തിനുള്ള അപേക്ഷയും കേരളം സമർപ്പിച്ചിരുന്നു. |

കേരളം സ്വീകരിച്ചുവരുന്ന പര്യവേഷണ ജോലികളും, പരിസ്ഥിതി ആഘാതപഠനവും നിർത്തിവെക്കണമെന്ന കാര്യത്തിൽ ഉത്തരവുണ്ടാകണമെന്നപേക്ഷിച്ചുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഇടക്കാല ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. ടി ഹർജിയിന്മേൽ അന്തിമ തീരുമാനം ആയിട്ടില്ല.

കേരളം സമർപ്പിച്ച രൂപരേഖ (TOR) അംഗീകരിക്കുന്നതിന്; സംസ്ഥാനം ലഭ്യമാക്കിയ അപേക്ഷ 04.06.2015-ൽ ചേർന്ന യോഗത്തിൽ പരിഗണനയ്ക്കായി എടുത്തിരുന്നു. എന്നാൽ തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത ഇടക്കാല ഹർജിയിൽ തീരുമാനമാകുന്നതുവരെ ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതില്ലായെന്ന് Expert Appraisal Committee നിശ്ചയിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കേരളത്തിന്റെ നിർ ദ്ദേശം കാലതാമസം കൂടാതെ അംഗീകരിച്ചുകിട്ടുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും; അതീവ ജാഗ്രതയോടെയും നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ചും താമസംവിനാ സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

| | | |
|---|---|---|
| (സി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കേരളം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാതപഠനം (EIA) തുടങ്ങുവാനുള്ള നിയമാനുസരണ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിന് അതീവ ജാഗ്രതയോടുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ